
2024
MARCH
13
WEDN ESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പ്രതിസന്ധിക്ക് കാരണം കേന്ദ്രമെന്ന്
# കഴിഞ്ഞ വർഷം കിട്ടിയത് 45,638.54 കോടി



**കോട്ടയം:** ശമ്പളവും പെൻഷനും ഉൾപ്പെടെ ചരിത്രത്തിൽ ആദ്യമായി മുടങ്ങുന്ന അവസ്ഥയിലേക്ക് സംസ്ഥാനം എത്തിയതിന്റെ പ്രധാനകാരണം കേന്ദ്രമാണെന്ന് കേരളം കുറ്റപ്പെടുത്തുമ്പോൾ, കഴിഞ്ഞ വർഷം (202223) കേന്ദ്രത്തിൽ നിന്ന് കേരളത്തിന് കിട്ടിയത് 45,638.54 കോടി രൂപയെന്നു കണക്കുകൾ.

ഗ്രാൻഡ് ഇൻ എയ്ഡ് ഇനത്തിൽ 27,377.86 കോടിയും നികുതിവിഹിതമായി 18,260.68 കോടിയുമാണ് കിട്ടിയത്. 202122ൽ കിട്ടിയത് ആകെ 47,837.21 കോടി രൂപയാണ്. കഴിഞ്ഞ വർഷം 42,000 കോടിയാണ് കേന്ദ്രത്തിൽനിന്നു കിട്ടേണ്ടിയിരുന്നതെന്നും എന്നാൽ ആകെ 21,000 കോടി മാത്രമാണ് കിട്ടിയതെന്നുമാണ് ധനമന്ത്രി കെ.എൻ.ബാലഗോപാൽ നുണ പറഞ്ഞത്. സിംഗിൾ നോഡൽ ഏജൻസി സിസ്റ്റത്തിന്റെ നടപടി ക്രമങ്ങൾ പരിഷ്കരിച്ചതു മൂലമുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് ആദ്യഘട്ടത്തിൽ കേന്ദ്രഫണ്ട് ലഭിക്കുന്നതു വൈകാനിടയാക്കിയതെന്ന് സംസ്ഥാന ധനവകുപ്പ് വ്യക്തമാക്കുന്നു. എന്നാൽ അതു പിന്നീട് പരിഹരിച്ചു. സിംഗിൾ നോഡൽ ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആദ്യം ട്രാൻസ്ഫർ ചെയ്ത ഫണ്ടിന്റെ 75 ശതമാനം ഉപയോഗപ്പെടുത്തുകയും മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്താൽ മാത്രമേ ബാക്കി തുക നൽകുകയുള്ളുവെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

202324ൽ ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്ത 7591.95 കോടിയിൽ 5292.11 കോടിയാണ് കേന്ദ്രം നൽകിയത്. 202122ൽ 1.33 കോടിയും 2022-23ൽ 188.72 കോടിയും ലഭിക്കാനുണ്ട്. കേന്ദ്ര പദ്ധതികളുടെ ബ്രാൻഡിങ് നാമകരണ മാർഗനിർദേശങ്ങൾ കേരളം പാലിക്കാത്തതിനാൽ എൻഎച്ച്എം വിഹിതമായ 500 കോടി നൽകാൻ കേന്ദ്രം തയാറായിട്ടില്ല. ലോൺ സഹായമായ 1925 കോടിയും കിട്ടിയിട്ടില്ല. മാനദണ്ഡങ്ങൾ ലഘൂകരിച്ച് പണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് പലതവണ കത്തയച്ചുവെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി.

# സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം സർവകാല റിക്കാർഡിൽ



**തിരുവനന്തപുരം:** ചൂട് കൂടിയതോടെ സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗവും വർധിച്ചു. 100 ദശലക്ഷം യൂണിറ്റ് കടന്നിരിക്കുകയാണ് വൈദ്യുതി ഉപഭോഗം.

ഇന്നലെ മാത്രം സംസ്ഥാനത്ത് ഉപയോഗിച്ചത് 100.16 ദശലക്ഷം യൂണിറ്റാണ്. ഇതിൽ പീക്ക് സമയത്ത് മാത്രം ആവശ്യമായി വന്നത് 5031 മെഗാവാട്ട് വൈദ്യുതിയാണ്.

വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനായി പീക്ക് സമയത്ത് ഉപയോഗം കുറയ്ക്കണമെന്ന് കെഎസ്ഇബിയുടെ മുന്നറിയിപ്പുണ്ട്. ഇനിയും ഉപയോഗം വർധിച്ചാൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുമെന്നും കെഎസ്ഇബി വ്യക്തമാക്കി.

സംസ്ഥാനത്ത് ഉയർന്ന ചൂട് അനുഭവപ്പെടുന്നതോടെ എസി ഉപയോഗം കൂടുന്നതാണ് വൈദ്യുതി ഉപയോഗവും വർധിക്കാൻ കാരണമെന്നാണ് സൂചന. കഴിഞ്ഞ വർഷം ഏപ്രിൽ 18ന് രേഖപ്പെടുത്തിയ ഉപയോഗം 5024 മെഗാവാട്ടാണ്. ഇനിയും സ്ഥിതി തുടർന്നാൽ കടുത്ത വൈദ്യുതി ക്ഷാമത്തിലേക്കായിരിക്കും സംസ്ഥാനം എത്തുക. അങ്ങനെയെങ്കിൽ വൈദ്യുതി വിലയ്ക്കുവാങ്ങുന്നതും നിയന്ത്രണവുമടക്കം സർക്കാരിന് പരിഗണിക്കേണ്ടതായി വരും.

# 60 കോടിയുടെ ടാറ്റ കോവിഡ് ആശുപത്രി പൊളിക്കുന്നു

**കാസർകോട്:** 30 വർഷത്തെ ആയുസ്സ് വാഗ്ദാനം ചെയ്ത്, 60 കോടി മുടക്കി കോവിഡ് കാലത്തു കാസർകോട് ചട്ടഞ്ചാലിൽ അതിവേഗം പണി തീർത്ത് 4987 കോവിഡ് രോഗികൾക്ക് ചികിത്സ നൽകിയ ടാറ്റ കോവിഡ് ആശുപത്രി പൊളിച്ചുനീക്കുന്നു. എന്തുകൊണ്ട് എന്നതിന് ഉത്തരം സർക്കാർ അനാസ്ഥ.

ടാറ്റാ കമ്പനിയുടെ സിഎസ്ആർ ഫണ്ടിൽ ഉൾപ്പെടുത്തി 4.12 ഏക്കർ സ്ഥലത്ത് 81,000 ചതുരശ്ര അടി വിസ്തൃതിയിൽ പ്രിഫാബ്രിക്കേഷൻ സാങ്കേതിക വിദ്യയിൽ 125 കണ്ടെയ്നറുകൾ ഉപയോഗിച്ചു പണിത ആശുപത്രി പൊളിച്ചു നീക്കുന്നതിനു പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിരിക്കയാണ്.

ടാറ്റ ട്രസ്റ്റ് ഫണ്ടിനു പുറമേ റോഡ്, വൈദ്യുതി സൗകര്യങ്ങൾക്കായി സർക്കാരും ഇവിടെ 12 കോടി രൂപ ചെലവഴിച്ചിരുന്നു.

# കൊച്ചി വാട്ടർ മെട്രോ സർവീസ് വ്യാപിപ്പിക്കുന്നു; 4 ടെർമിനലുകളുടെ ഉദ്ഘാടനം നാളെ

**കൊച്ചി:** വാട്ടർ മെട്രോ കൂടുതൽ മേഖലകളിലേക്ക് സർവീസ് വ്യാപിപ്പിക്കുന്നു. മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ എന്നീ നാലു ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്ത് നാടിന് സമർപ്പിക്കും. മാർച്ച് 14ന് വൈകിട്ട് 5.30ന് ഏലൂർ വാട്ടർ മെട്രോ ടെർമിനലിലാണു ചടങ്ങുകൾ. നാലു ടെർമിനലുകൾ കൂടി ഉദ്ഘാടനം ചെയ്യപ്പെടുന്നതോടെ രണ്ട് പുതിയ റൂട്ടുകളിലാണ് കൊച്ചി വാട്ടർ മെട്രോ സർവീസ് ആരംഭിക്കുക.



ഹൈക്കോടതി ജംക്ഷൻ ടെർമിനലിൽനിന്ന് ബോൾഗാട്ടി, മുളവുകാട് നോർത്ത് ടെർമിനലുകൾ വഴി സൗത്ത് ചിറ്റൂർ ടെർമിനൽ വരെയാണ് ഒരു റൂട്ട്. സൗത്ത് ചിറ്റൂർ ടെർമിനലിൽ നിന്ന് ഏലൂർ ടെർമിനൽ വഴി ചേരാനല്ലൂർ ടെർമിനൽ വരെയുള്ളതാണ് മറ്റൊരു റൂട്ട്. ഇതോടെ 9 ടെർമിനലുകളിലായി 5 റൂട്ടിലേക്ക് കൊച്ചി വാട്ടർ മെട്രോ സർവീസ് നടത്തും.

സർവീസ് ആരംഭിച്ച് പത്തു മാസം പിന്നിട്ടപ്പോൾ മൂന്നു റൂട്ടുകളിൽ പതിനേഴര ലക്ഷത്തിലധികം ആളുകളാണ് കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്തത്. പരിസ്ഥിതി സൗഹാർദപരമായി ഒരുക്കിയിരിക്കുന്ന കൊച്ചി വാട്ടർ മെട്രോ സംസ്ഥാനത്തെ സംബന്ധിച്ച് ചരിത്ര നേട്ടമാണെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. ഫോർട്ട് കൊച്ചി ടെർമിനലിൽ നിന്നും അധികം വൈകാതെ തന്നെ സർവീസുകൾ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

നിലവിൽ ഹൈക്കോടതി ജംക്ഷൻവൈപ്പിൻ ബോൾഗാട്ടി, വൈറ്റിലകാക്കനാട് എന്നീ മൂന്ന് റൂട്ടുകളിലായി 13 ബോട്ടുകളാണ് കൊച്ചി വാട്ടർ മെട്രോയ്ക്കായി സർവീസ് നടത്തുന്നത്.

പാലിയംതുരുത്ത്, കുമ്പളം, വില്ലിങ്ടൻ ഐലൻഡ്, മട്ടാഞ്ചേരി എന്നീ ടെർമിനലുകളുടെ നിർമാണവും പുരോഗമിക്കുകയാണ്. കൊച്ചി വാട്ടർ മെട്രോ പദ്ധതി പൂർത്തിയാകുമ്പോൾ പത്തു ദ്വീപുകളിലായി 38 ടെർമിനലുകൾ ബന്ധിപ്പിച്ച് 78 വാട്ടർ മെട്രോ ബോട്ടുകൾ സർവീസ് നടത്തും.



# സൗജന്യ നേത്ര പരിശോധനാ ക്യാമ്പ്

**കൊച്ചി:** മാർച്ച് 15 വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ കടവന്ത്ര ഗാന്ധിനഗറിലെ ഫേസ് ഫൗണ്ടേഷൻ ഓഫീസ് അങ്കണത്തിലാണ് ക്യാമ്പ് നടക്കുന്നത് നേത്ര വിഭാഗം ഡോക്ടർമാർ, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം ഉണ്ടായിരിക്കും തിമിരശാസ്ത്രക്രിയ സൗജന്യമായി നടത്തുന്നതുമാണ്. ക്യാമ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം കൊച്ചി സെൻട്രൽ പോലീസ് അസിസ്റ്റന്റ് കമ്മീഷണർ  രാജു നിർവ്വഹിക്കും 15ന് രാവിലെ 8 മണിമുതൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് കൂടുതൽ വിവരങ്ങൾക്ക് 0484 2929099 എന്ന നമ്പറിൽ ബന്ധപ്പെടുക.

# മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് സിഇഒ പി.ഇ.മത്തായിക്ക് മികച്ച സിഇഒയ്ക്കുള്ള അവാർഡ്



**കൊച്ചി:** രാജ്യത്തെ പ്രമുഖ എൻബിഎഫ്സികളിലൊന്നായ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിൻറെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ (സിഇഒ) പി.ഇ.മത്തായിയ്ക്ക് മികച്ച സിഇഒയ്ക്കുള്ള അവാർഡ്.  ഇന്ത്യൻ ലീഡർഷിപ്പ് മീറ്റിങ്ങിൽ ബിസിനസ് ഫെയിമിൻറെ ബാങ്കിങ്, ഫിനാൻഷ്യൽ സർവീസസ്, ഇൻഷുറൻസ് (ബിഎഫ്എസ്ഐ) വിഭാഗത്തിലാണ് അവാർഡ്. സാമ്പത്തിക രംഗത്തെ നേതൃത്വത്തിനും കാഴ്ചപ്പാടിനും സംഭാവനകൾക്കുമുള്ള ബഹുമതിയാണ് ഈ അംഗീകാരം. ഇന്ത്യയിലെ വിവിധ വ്യവസായങ്ങളിലുള്ള നേതാക്കളെയും സംഘടനകളെയും അംഗീകരിക്കുന്ന ഒരു പ്ലാറ്റ് ഫോമാണ് ബിസിനസ് ഫെയിമിൻറെ ഇന്ത്യൻ ലീഡർഷിപ്പ് സമ്മിറ്റ്.

ബിഎഫ്എസ്ഐയിലെ മികച്ച സിഇഒയ്ക്കുള്ള ബഹുമതി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിലെ മത്തായിയുടെ മികച്ച നേതൃത്വത്തെ പ്രതിഫലിക്കുന്നു. അദേഹത്തിൻറെ മാർഗനിർദേശത്തിൽ കമ്പനി ഈ സാമ്പത്തിക വർഷം ആദ്യ പാദത്തിൽ 103 ശതമാനം വരുമാന വളർച്ചയും രാജ്യമൊട്ടാകെയായി 900ത്തിലധികം ബ്രാഞ്ചുകളുടെ വിപുലീകരണവും ഉൾപ്പടെ പല നാഴികക്കല്ലുകളും കടന്നു. 2024 അവസാനിക്കുമ്പോഴേക്കും രാജ്യത്തെമ്പാടുമായി ആയിരം ബ്രാഞ്ചുകളിലേക്കെത്തുകയാണ് ലക്ഷ്യമിടുന്നത്. കമ്പനിയുടെ കെയർ/ഇന്ത്യ റേറ്റിങ്ങിലെ മെച്ചപ്പെടലിൽ തന്നെ സാമ്പത്തിക സ്ഥിരതയോടുള്ള മത്തായിയുടെ പ്രതിബദ്ധത പ്രതിഫലിക്കുന്നു. 2019ലെ ബിബിബി റേറ്റിങ് 2022ൽ എ ആയി. കഴിഞ്ഞ നാലു വർഷവും കമ്പനിയുടെ മാനേജ്മെൻറിനു കീഴിലുള്ള സഞ്ചിത ആസ്തി 100 ശതമാനം വളർച്ച കുറിച്ചു. രാജ്യത്തുടനീളമുള്ള ആവശ്യക്കാരിലേക്ക് എത്തിച്ചേരുന്നതിനായി സ്വർണ്ണ വായ്പ വിഭാഗത്തെ  'ഡിജിറ്റൽ' ആക്കാനുള്ള മുത്തൂറ്റ് മിനിയിലെ നീക്കമാണ് മത്തായിയുടെ നേതൃത്വത്തിൻറെ ഒരു പ്രധാന വശം.



# ഹ്യുണ്ടായ് ക്രെറ്റ എൻ ലൈൻ എത്തി

**കൊച്ചി :**ഹ്യൂണ്ടായ് ക്രെറ്റ എൻ  ലൈൻ അവതരിപ്പിച്ചു. 16.82 ലക്ഷം രൂപ മുതലാണ് വില. ഉയർന്ന വകഭേദത്തിന് 20.29 ലക്ഷം രൂപ . 158 ബിഎച്ച്പി, 253 എൻഎം ടോർക്ക് ഉൽ പാദിപ്പിക്കുന്ന 1.5 ലീറ്റർ ടർബോ പെട്രോൾ എൻജിനാണ് വാഹനത്തിന്. 6 സ്പീഡ് മാനുവൽ ട്രാൻസ്മിഷനിലും 7 സ്പീഡ് ഡ്യുവൽക്ലച്ച് ട്രാൻസ്മിഷനിലും ലഭിക്കും.

# വൻ കുതിപ്പിനൊരുങ്ങി ഇലക്ട്രിക് വാഹന സംരംഭമായ ചാർജ്മോഡ്; രാജ്യത്തുടനീളം 1200 ചാർജറുകൾ കൂടി സ്ഥാപിക്കും

**കൊച്ചി:** എനർജി ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന ചാർജ്മോഡ് അവരുടെ പുതിയ ബിസിനസ് വികസനപദ്ധതികൾ പ്രഖ്യാപിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ വളർന്നു വന്ന സംരംഭമായ ചാർജ്മോഡ് ഇന്ത്യയിലുടനീളം 1000 സാധാരണ ചാർജറുകളും 200 അതിവേഗ ചാർജറുകളും കൂടി സ്ഥാപിക്കും. കേരളത്തിൽ മാത്രം 500 സാധാരണ ചാർജറുകളും 100 ഫാസ്റ്റ് ചാർജറുകളും കൂടി അധികമായി സ്ഥാപിച്ച് വിപണിസാന്നിധ്യം ശക്തിപ്പെടുത്താനും തീരുമാനമായി. നിലവിൽ കേരളത്തിനത്ത് ചാർജ്മോഡിന്റെ 1500 ചാർജിങ് സ്റ്റേഷനുകളും മറ്റ് സംസ്ഥാനങ്ങളിൽ 2000 ചാർജിങ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് 1300 എസി സ്ലോ ചാർജറുകളും 150 ഡിസി ഫാസ്റ്റ് ചാർജറുകളും കമ്പനി സ്ഥാപിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ 500 എസി സ്ലോ ചാർജറുകളും സ്ഥാപിച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിനൽകുന്നതിൽ പ്രത്യേക ശ്രദ്ധയും വൈദഗ്ധ്യവും ചാർജ്മോഡ് നൽകുന്നുണ്ട്. ചാർജിങ്ങിനാവശ്യമായ ഉപകരണങ്ങളും സോഫ്ട്!വെയറും തദ്ദേശീയമായി വികസിപ്പിച്ചെടുക്കുന്നു എന്നതാണ് എടുത്തുപറയേണ്ട സവിശേഷത. ഓരോ 5 കിലോമീറ്ററിലും ഒരു സാധാരണ എസി ചാർജറും ഓരോ 50 കിലോമീറ്ററിലും ഒരു അതിവേഗ ഡിസി ചാർജറും സ്ഥാപിക്കുക എന്ന ലക്ഷ്യമാണ് ചാർജ്മോഡ്  പൂർത്തിയാക്കികൊണ്ടിരിക്കുന്നത്. അടുത്തിടെ ഫീനിക്സ് ഏയ്ഞ്ചൽസിൽ നിന്നും രണ്ടരക്കോടി രൂപയുടെ നിക്ഷേപവും കമ്പനിക്ക് ലഭിച്ചു.

രാജ്യത്തുടനീളം 120 കിലോവാട്ട് മുതൽ 340 കിലോവാട്ട് വരെ ശേഷിയുള്ള അതിവേഗ ചാർജറുകൾ സ്ഥാപിച്ചുകൊണ്ട് ഇലക്ട്രിക്ക് വാഹനങ്ങളിലെ യാത്ര ആശങ്കാരഹിതവും സുഗമവുമാക്കുക എന്നതാണ് കമ്പനിയുടെ അടുത്ത ലക്ഷ്യം. ഇതുവരെ 72,000 ത്തിലധികം ആളുകൾ ചാർജ്മോഡിന്റെ മൊബൈൽ ആപ്പ്ളിക്കേഷൻ ഡൗൺലോഡ് ചെയ്തിട്ടുണ്ട്. രാജ്യത്തുടനീളമുള്ള ചാർജ്മോഡിന്റെ 2000 ചാർജിങ് സ്റ്റേഷനുകളിലൂടെ രണ്ട് ലക്ഷത്തിലേറെ തവണ ഇലക്ട്രിക്ക് വാഹന ഉടമകൾ അവരുടെ വാഹനം ചാർജ് ചെയ്തുകഴിഞ്ഞു. ഓരോ ദിവസവും 120 പുതിയ ഉപഭോക്താക്കൾ പുതുതായി സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഏതാണ്ട് 40 ലക്ഷം കിലോമീറ്റർ യാത്ര ചെയ്യുമ്പോൾ പുറന്തള്ളുന്ന കാർബൺ ഒഴിവാക്കാൻ കമ്പനിക്ക് കഴിഞ്ഞുവെന്നാണ് കണക്കുകൾ. അതായത് ഏതാണ്ട് 995 മെട്രിക് ടൺ ഹരിതഗൃഹവാതകമാണ് അന്തരീക്ഷത്തിലേക്ക് പരക്കുന്നതിൽ നിന്ന് ഒഴിവായത്. ഇതിലൂടെ 1,60,000 ൽപ്പരം ലിറ്റർ ഇന്ധനവും ലാഭിച്ചു.

നാല് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ ചേർന്ന് തുടങ്ങിയ ഈ സംരംഭം ഇന്നൊരു വലിയ ബിസിനസായി മാറാൻ കാരണം പ്രകൃതി സൗഹൃദ ആശയങ്ങൾക്ക് വേണ്ടിയുള്ള അടങ്ങാത്ത അഭിനിവേശമാണെന്ന് ചാർജ്മോഡിന്റെ സിഇഒയും സഹസ്ഥാപകനുമായ എം. രാമനുണ്ണി പറയുന്നു. ഞങ്ങളുടെ ആശയങ്ങൾ ഇന്ന് ഇലക്ട്രിക് വാഹനരംഗത്തെ വമ്പൻ കമ്പനികൾ മുതൽ സാധാരണക്കാർ വരെ ശ്രദ്ധിച്ചുതുടങ്ങിയിരിക്കുന്നു. ഇപ്പോൾ കുറഞ്ഞവിലയ്ക്ക് ഇറക്കുമതി ചെയ്യുന്ന ചാർജറുകളെയാണ് പലരും ആശ്രയിക്കുന്നത്. എന്നാൽ ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ലാതെ തന്നെ എല്ലാവർക്കും താങ്ങാനാവുന്ന വിലയിലുള്ള ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിങ് സംവിധാനങ്ങൾ സ്ഥാപിക്കാനാണ് കമ്പനി ഉദ്ദേശിക്കുന്നത്. ഇവയ്ക്ക് വിശ്വാസ്യതയും ഉയർന്ന ഫലപ്രാപ്തിയും ഉറപ്പുനൽകാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ചാർജിങ് സ്റ്റേഷനുകൾ വിപുലീകരിക്കുന്നതിന് പുറമെ, ഇലക്ട്രിക് വാഹനങ്ങൾ പ്രചരിപ്പിക്കുന്നതിനായി നിരവധി പരിപാടികളും ചാർജ്മോഡ് സംഘടിപ്പിച്ചുവരുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ നടത്തുന്ന ഇവി ചാർജിങ് ശില്പശാലകളാണ് അതിലൊന്ന്. ഗവേഷണത്തിനായി വിപണിയിലെ പ്രമുഖരുമായും അക്കാദമിക വിദഗ്ധരുമായും സഹകരിക്കാറുമുണ്ട്. ഇരുചക്രവാഹനങ്ങൾ മുതൽ കൂറ്റൻ ബസുകളും ട്രക്കുകളും വരെ ചാർജ് ചെയ്യാവുന്ന സ്റ്റേഷനുകളും ഉയർന്ന ശേഷിയുള്ള ഡിസി ഫാസ്റ്റ് ചാർജറുകളുടെ വികസനവും നടന്നുവരുന്നു.

കേരളത്തിൽ ഇലക്ട്രിക് ഓട്ടോകൾക്ക് ചാർജിങ് സംവിധാനം നൽകുന്ന ഒരേയൊരു കമ്പനിയാണ് ചാർജ്മോഡ്. ചാർജിങ് സ്റ്റേഷനുകൾക്ക് വേണ്ടി കേരളത്തിലാദ്യമായി മൊബൈൽ ആപ്പ് വികസിപ്പിച്ചതും ചാർജ്മോഡാണ്. പത്ത് സംസ്ഥാനങ്ങളിലായി, ആറ് ഭാഷകളിൽ ഉപഭോക്തൃസേവനം നൽകുന്ന 2000 ചാർജിങ് സ്റ്റേഷനുകളും 150 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും ഇന്ന് കമ്പനിക്ക് സ്വന്തമായുണ്ട്. ചാർജ്മോഡിന്റെ സിഇഒ രാമനുണ്ണി എം, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ വിഭാഗം മാനേജർ അനൂപ് വി, ഓപ്പറേഷൻസ് മാനേജർ അദ്വൈത് സി, ടാഞ്ചിബിൾ പ്രോഡക്റ്റ് വിഭാഗം തലവൻ മിഥുൻ കൃഷ്ണൻ എന്നിവർ വാർത്താസമ്മേളനത്തിൽ സംസാരിച്ചു. ഈ നാലുപേരും ചേർന്നാണ് ചാർജ്മോഡ് എന്ന സ്റ്റാർട്ടപ്പിന് തുടക്കമിട്ടത്.

# 250 റോബോട്ടിക്ക് മുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:**  250 റോബോട്ടിക്ക് മുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി. സെന്റർ ഫോർ എക്സലൻസ് ഇൻ ഓർത്തോപീഡിക്സ് ആൻഡ് റൂമറ്റോളജി വിഭാഗമാണ് ഒരു വർഷത്തിനുള്ളിൽ ഈ നേട്ടം കൈവരിച്ചത്.  ആസ്റ്റർ മെഡ്സിറ്റി ക്യാമ്പസ്സിൽ വച്ചു നടന്ന ഈ ശസ്ത്രക്രിയയിലൂടെ രോഗം ഭേദമായവരുടെ സംഗമം വേറിട്ട അനുഭവമായി. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ എംഡിയും മുൻ സംസ്ഥാന ഡിജിപിയുമായ ലോക്നാഥ് ബെഹ്റ  പരിപാടി ഉദ്ഘാടനം ചെയ്തു.

ഏറ്റവും മികച്ച ഓർത്തോപീഡിക് ചികിത്സ ലഭ്യമാക്കുന്നതിനുള്ള ആസ്റ്റർ മെഡ്സിറ്റിയുടെ നിരന്തര ശ്രമങ്ങൾക്കുള്ള അംഗീകാരമാണ് ഈ നേട്ടമെന്ന് ഓർത്തോപീഡിക് സർജറി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് ഡോക്ടർ വിജയ മോഹൻ എസ് അഭിപ്രായപ്പെട്ടു.



പരിപാടിയിൽ ഒത്തുകൂടിയവർ വിവിധയിനം മത്സരങ്ങളിൽ ഏർപ്പെട്ടു. ഡിക്കാതലോണുമായി ചേർന്ന് ഗോൾഫ്, ഡാർട്ട് തുടങ്ങിയ മത്സരങ്ങളും സജ്ജമാക്കിയിരുന്നു. മുട്ടുസംബന്ധമായ പ്രശ്നങ്ങളെ അതിജീവിച്ച രോഗികളും അവരുടെ ഡോക്ടർമാരും ചേർന്ന് നടത്തിയ റാമ്പ് വാക്ക് വേറിട്ട കാഴ്ചയായി.

പരിപാടിയോടനുബന്ധിച്ച് മൂന്ന് ദിവസമായി നടന്ന ഓർത്തോ റോബോട്ട് എക്സ്പോയും സമാപിച്ചു. മുട്ടുമാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് ഉപയോഗിക്കുന്ന അത്യാധുനിക റോബോട്ടുകൾ പ്രദർശനത്തിലെ കൗതുകകാഴ്ചയായി. വൈദ്യശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്നവർക്കും സാധാരണക്കാർക്കും ധാരാളം പുതിയ അറിവുകൾ നൽകുന്നതായിരുന്നു എക്സ്പോ. ശസ്ത്രക്രിയയുടെ കൃത്യത വർധിപ്പിക്കുന്നതിലും രോഗത്തിൽ നിന്നുള്ള മോചനം വേഗത്തിലാക്കുന്നതിലും റോബോട്ടുകൾ വഹിക്കുന്ന പങ്ക് ചർച്ചയായി.

# സൗജന്യ നേത്ര പരിശോധന

**കൊച്ചി :** ഗ്ലോക്കോമ വാരത്തിന്റെ ഭാഗമായി പാലാരിവട്ടം ചൈതന്യ കണ്ണാശുപത്രിയിൽ ഈമാസം 16 വരെ സൗജന്യ നേത്ര പരിശോധന ഉണ്ടാകുമെന്ന് സെന്റർ മാനേജർ അറിയിച്ചു. പരിശോധന ആവശ്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 7994495940 , 7994495942, 0484 2725500 .

# പൗരത്വ ഭേദഗതി നിയമം : ഹെൽപ്പ് ഡസ്ക്കുമായി വി.എച്ച്.പി

**കൊച്ചി** : 2019 ലെ പൗരത്വ ഭേദഗതി നിയമ പ്രകാരം പൗരത്വത്തിന് അർഹരായവരെ സഹായിക്കാൻ വിശ്വ ഹിന്ദു പരിഷത്ത് ഹെൽപ്പ് ഡസ്ക് തുറക്കുമെന്ന് വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവർ അറിയിച്ചു.

വിഭജനത്തിന്റെ ഭാഗമായോ, അല്ലാതെയോ അയൽ രാജ്യങ്ങളിൽ അകപ്പെട്ട് മതത്തിന്റെ പേരിൽ പീഢനം അനുഭവിച്ചവർ മാതൃരാജ്യത്തേയ്ക്ക് അഭയം തേടി എത്തുമ്പോൾ അവർ അന്തസ്സോടെയും തുല്യ വ്യക്തികളായും ജീവിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് സംഘടനയുടെ ഉത്തരവാദിത്വമാണെന്ന വി.എച്ച്.പി. അന്താരാഷ്ട്ര പ്രസിഡന്റ് അലോക് കുമാറിന്റെ ആഹ്വാന പ്രകാരമാണ് സംസ്ഥാനത്ത് ഹെൽപ്പ് ഡസ്ക്കുകൾ ആരംഭിക്കുന്നതെന്ന് നേതാക്കൾ പറഞ്ഞു.



കൊച്ചി നഗരസഭയുടെ സ്ഥിരം സമിതി ചെയർമാൻ വി എ ശ്രീജിത്ത് എറണാകുളം ഗവണ്മെന്റ് ഗേൾസ് എൽ പി സ്കൂളിന്റെ വാർഷികാഘോഷം ഉത്ഘാടനം ചെയ്യുന്നു.സംവിധായകനും എഴുത്തുകാരനും തിരക്കഥാകൃത്തുമായ സുസ്മേഷ് ചന്ദ്രോത്തും സിനിമതാരം ഗണപതി തുടങ്ങിയവർ സമീപം

# എറണാകുളം ഗവണ്മെന്റ് ഗേൾസ് എൽ പി സ്കൂളിന്റെ 'വർണ്ണം 2024' വാർഷിക ആഘോഷം സംഘടിപ്പിച്ചു

**കൊച്ചി :** എറണാകുളം ഗവണ്മെന്റ് ഗേൾസ് എൽ പി സ്കൂളിന്റെ വാർഷികാഘോഷം വിദ്യാർഥികളുടെ വൈവിധ്യമാർന്ന കലാപരിപാടികളോടെ നടന്നു. കൊച്ചി നഗരസഭയുടെ സ്ഥിരം സമിതി ചെയർമാൻ വി എ ശ്രീജിത്ത് ഉദ്ഘാടനം നിർവഹിച്ചു. സംവിധായകനും എഴുത്തുകാരനും തിരക്കഥാകൃത്തുമായ സുസ്മേഷ് ചന്ദ്രോത്തും സിനിമതാരം ഗണപതിയും ആയിരുന്നു വിശിഷ്ടാതിഥികൾ. വാർഷികാഘോഷത്തിനൊപ്പം അധ്യാപക രക്ഷാകർത്തൃ യോഗവും യാത്ര അയപ്പും നടന്നു.

കൗൺസിലർ പദ്മജ എസ് മേനോൻ, പ്രധാന അധ്യാപകൻ സാബു ജേക്കബ്, എസ്എംസി ചെയർമാൻ സിജു പി എൻ, പിടി എ പ്രസിഡന്റ് ലിബിൻ കെ തങ്കച്ചൻ,എറണാകുളം ബിപിസിയും യുആർസി പി എ നിഷാദ് ബാബു തുടങ്ങിയവർ പ്രസംഗിച്ചു. പിടിഎ ഭാരവാഹികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിൽ അധ്യാപന ജീവിതത്തിൽ നിന്നും വിരമിക്കുന്ന ലതിക പണിക്കർ, കെ സി കൃഷ്ണകുമാർ, ബജിനി വി സി, ബേസിൽ എം എം എന്നിവരെ ആദരിച്ചു. പാഠ്യപാഠ്യേതര മേഖലകളിൽ മികവ് പുലർത്തിയ കുട്ടികൾക്കുള്ള പുരസ്കാരവും വിതരണം ചെയ്തു.

# അവധിക്കാല ചിത്രകലാപഠനം

**പത്തനംതിട്ട:** വാസ്തുവിദ്യാഗുരുകുലത്തിൽ അവധിക്കാല ചിത്രകലാപഠനം നിറച്ചാർത്ത് കോഴ്സിന്റെ 2024 ബാച്ചിലേക്ക് പ്രവേശനം ആരംഭിച്ചു. ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികളെ ജൂനിയർ വിഭാഗത്തിലും എട്ടാം ക്ലാസ്സ് മുതലുള്ള വിദ്യാർഥികളെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തി രണ്ടു ബാച്ചുകളായാണ് കോഴ്സുകൾ. ജൂനിയർ വിഭാഗത്തിന് 2500 രൂപയും, സീനിയർ വിഭാഗത്തിന് 1000 രൂപയുമാണ് ഫീസ്.

ഫോൺ 9188089740, 9446134419, 9072556098, 9605046982, 9188593635.



കച്ചേരിപ്പടി സി.എസ്.എസ് ഹാളിൽ സംഘടിപ്പിച്ച വരാപ്പുഴ അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ രജതജൂബിലി സമ്മേളനം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ.ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു. ഹൈബി ഈഡൻ എം.പി, വി.ജി സെബാസ്റ്റ്യൻ, ഫാ.ജോൺ അരീക്കൽ, സി.എക്സ്.ബോണി, ഫാ.മാർട്ടിൻ അഴിക്കകത്ത് , എൽസി ജോർജ്ജ്, സിസ്റ്റർ ആൻ സി.എസ്.എസ്.ടി, ജെസ്സി ഷാജി, എം.ഡി റാഫേൽ, ജൂഡ് തദേവൂസ് തുടങ്ങിയവർ സമീപം

# വരാപ്പുഴ അതിരൂപത മദ്യവിരുദ്ധ സമിതി രജതജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു

**കൊച്ചി :** വരാപ്പുഴ അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ രജതജൂബിലി സമ്മേളനവും സ്വയംതൊഴിൽ വായ്പ വിതരണവും വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ.ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് മുൻ വർഷങ്ങളേക്കാൾ ഇപ്പോൾ പ്രസക്തി ഏറിവരികയാണെന്ന് മെത്രാപ്പോലീത്ത പറഞ്ഞു. കച്ചേരിപ്പടി സി.എസ്.എസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ അതിരൂപത മദ്യവിരുദ്ധ സമിതി ഡയറക്ടർ ഫാ.മാർട്ടിൻ അഴിക്കകത്ത് അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി മുഖ്യ പ്രഭാഷണം നടത്തി. അതിരൂപത മദ്യവിരുദ്ധ സമിതി പ്രസിഡന്റ് വി.ജി സെബാസ്റ്റ്യൻ, സംസ്ഥാന മദ്യവിരുദ്ധ സമിതി ജനറൽ സെക്രട്ടറി ഫാ.ജോൺ അരീക്കൽ, സംസ്ഥാന പ്രോഗ്രാം സെക്രട്ടറി സി.എക്സ്.ബോണി, (ശ്രീമതി) എൽസി ജോർജ്ജ്, ആനിമേറ്റർ സിസ്റ്റർ ആൻ സി.എസ്.എസ്.ടി, ജെസ്സി ഷാജി, എം.ഡി റാഫേൽ, ജൂഡ് തദേവൂസ് എന്നിവർ സംസാരിച്ചു.ചടങ്ങിൽ മദ്യവിരുദ്ധ പ്രസ്ഥാനത്തിന് ശക്തമായ നേതൃത്വം നൽകിയ 11 വിശിഷ്ട വ്യക്തികളെ ആദരിച്ചു. മദ്യവിരുദ്ധ ഞായർ ആചരണത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗ മത്സര വിജയികളായ കുട്ടികൾക്കുള്ള ട്രോഫിയും സമ്മാനത്തുകയും കൈമാറി.

# ഗുജറാത്തിലെ സാനന്ദ് ഫെസിലിറ്റിയിൽ പത്ത് ലക്ഷം കാറുകൾ നിർമ്മിച്ച് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ഗുജറാത്തിലെ സാനന്ദിലുള്ള അത്യാധുനിക സൗകര്യങ്ങളുള്ള പ്ലാന്റിൽ നിന്ന് 10 ലക്ഷം കാറുകൾ വിജയകരമായി നിർമ്മിച്ച് ഇന്ത്യയിലെ മുൻനിര വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ്. ഉപഭോക്താക്കളുടെ ക്ഷേമത്തിനനുസരിച്ച് മികച്ച ഉൽപന്നങ്ങൾ നിർമിക്കുന്ന ടാറ്റയുടെ പ്രതിബദ്ധതയെ ഈ നേട്ടം അടിവരയിടുന്നു. സാനന്ദിലെ നിർമ്മാണ പ്ലാന്റിലെ ജീവനക്കാരുടെ കഠിനാദ്ധ്വാനാവും അർപ്പണബോധവുമാണ് ടാറ്റയുടെ നിർമ്മാണ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായ ഇത് പ്രതിഫലിപ്പിക്കുന്നത്.

2010ൽ 1100 ഏക്കറിൽ (741 ഏക്കർ, 359 ഏക്കർ സ്ഥാപിതമായ സാനന്ദ് പ്ലാന്റിൽ നേരിട്ടും അല്ലാതെയും 6000ത്തിലധികം ജീവനക്കാരുണ്ട്. ഇവർ ടാറ്റ മോട്ടോഴ്സിന്റെ വളർച്ചയിലും വിജയത്തിലും നിർണായക പങ്ക് വഹിക്കുന്നുണ്ട്. ടാറ്റ മോട്ടോഴ്സിന്റെ ഏറ്റവും പുതിയ പ്ലാന്റുകളിലൊന്നായ സാനന്ദിലെ എല്ലാ പ്രക്രിയകൾക്കും മികച്ച സാങ്കേതികവിദ്യയുടെ സഹായമുണ്ട്. തികച്ചും യന്ത്രവൽകൃതമായ പ്ലാന്റിൽ ഒരു ലീൻ പ്രോസസ്സ് മാനേജ്മെന്റ് സിസ്റ്റമാണുള്ളത്. പ്ലാന്റിൽ പ്രസ് ലൈൻ, വെൽഡ് ഷോപ്പ്, പെയിന്റ് ഷോപ്പ്, അസംബ്ലി ലൈൻ, പവർട്രെയിൻ ഷോപ്പ് എന്നിവയുണ്ട്. ടിയാഗോ, ടിയാഗോ എഎംടി, ടിയാഗോ.ഇവി, ടിയാഗോ ഐസിഎൻജി, ടിഗോർ, ടിഗോർ എഎംടി, ടിഗോർ ഇവി, ടിഗോർ ഐസിഎൻജി, എക്സ്പ്രെസ് ടി ഇവി തുടങ്ങിയ പാസ്സഞ്ചർ വാഹനങ്ങളുടെ വിവിധ മോഡലുകൾ നിർമ്മിച്ച ഒരു ഫ്ലെക്സിബിൾ അസംബ്ലി ലൈനും ഈ സൗകര്യങ്ങൾക്കുണ്ട്.100% അസറ്റ് മാനേജ്മെന്റും വിനിയോഗവും ഉള്ള മൂന്ന് മോഡലുകൾ വികസിപ്പിച്ചുകൊണ്ട് ഒരൊറ്റ മോഡൽ മാത്രം നിർമ്മിക്കാൻ ശേഷിയുണ്ടായിരുന്ന പ്ലാന്റ് , മൾട്ടി മോഡൽ പ്ലാന്റായി വിജയകരമായി പരിവർത്തനം ചെയ്തു.

'സാനന്ദ് പ്ലാന്റിൽ നിന്ന് 10 ലക്ഷം കാറുകൾ പുറത്തിറക്കിയത് ഞങ്ങൾക്ക് അഭിമാന നേട്ടമാണ്. വിപണി ആവശ്യങ്ങളോടുള്ള കൃത്യമായ പ്രതികരണമാണ് ഇന്ത്യയിലെ ടാറ്റയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്നത്. ഞങ്ങളുടെ ഉയർന്ന നിലവാരത്തിന്റെയുംയും ഉപഭോക്താക്കളോടുള്ള പ്രതിബദ്ധതയുടെയും തെളിവാണ് ഈ അഭിമാന നേട്ടം. ഞങ്ങളുടെ പ്രയത്നങ്ങൾ, ഉൽപ്പന്നങ്ങൾക്ക് ഉയർന്ന പരിഗണന ലഭിക്കുന്നതിന് കാരണമായി. മാത്രമല്ല, ഇത് തീർച്ചയായും ഉപഭോക്താക്കൾക്കിടയിൽ ഞങ്ങളുടെ ഉൽപ്പന്നങ്ങൾക്കുള്ള ജനപ്രീതി ഉറപ്പിക്കുന്നതാണ്. കൃത്യമായി സുരക്ഷിതവും മികച്ചതും ഹരിതവുമായ മൊബിലിറ്റി സൊല്യൂഷനുകൾ നൽകാനാകുമെന്നതിൽ ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. ഈ നേട്ടം കൈവരിക്കുന്നതിൽ അവിഭാജ്യമായ പിന്തുണ നൽകിയ ഞങ്ങളുടെ ജീവനക്കാർ, വിതരണക്കാർ, ചാനൽ പങ്കാളികൾ, ഗുജറാത്ത് സർക്കാർ എന്നിവരോടുള്ള നന്ദിയും കടപ്പാടും ഞങ്ങൾ അറിയിക്കുന്നു' എന്ന് ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് ലിമിറ്റഡിന്റെയും ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡിന്റെയും മാനേജിംഗ് ഡയറക്ടറായ ശ്രീ ശൈലേഷ് ചന്ദ്ര പറഞ്ഞു.

സാനന്ദ്, ബവ്‌ല, വിരാംഗം എന്നിവിടങ്ങളിലെ 68ലധികം ഗ്രാമങ്ങൾ സാനന്ദ് പ്ലാന്റ് ദത്തെടുത്തിട്ടുണ്ട്. ശൗചാലയങ്ങൾ സ്ഥാപിക്കുക, സ്ത്രീകളുടെ തൊഴിലവസരം വർധിപ്പിക്കുന്നതിനുള്ള നൈപുണ്യ വികസനം, പെൺകുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവ സാനന്ദ് പ്ലാന്റിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായ സംരംഭങ്ങളാണ്. കഴിഞ്ഞ 13 വർഷത്തിനിടെ, ടാറ്റ മോട്ടോഴ്സിന്റെ സിഎസ്ആർ സംരംഭങ്ങൾ സാനന്ദിലും പരിസരത്തുമായി 3 ലക്ഷത്തിലധികം ആളുകളിലേക്ക് എത്തിയിട്ടുണ്ട്

# കൊച്ചി ഡിപി വേൾഡ് ഫെബ്രുവരിയിൽ കൈവരിച്ചത് റെക്കോർഡ്



**കൊച്ചി :** കൊച്ചിയിൽ ഡിപി വേൾഡ് പ്രവർത്തിപ്പിക്കുന്ന അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിൽ ഈ വർഷം ഫെബ്രുവരിയിൽ കൈകാര്യം ചെയ്തത് റെക്കോർഡ് ടിഇയു. 75,141 ടിഇയു ചരക്കാണ് ഫെബ്രുവരിയിൽ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലൂടെ കൈകാര്യം ചെയ്തത്. ഇത് 2023 ഫെബ്രുവരിയിലെ ചരക്കുനീക്കത്തേക്കാൾ 38% അധികമാണ്.

ദക്ഷിണേന്ത്യയിൽ നിന്നുമുള്ള ചരക്കുകൾ നീക്കുന്നതിൽ കൊച്ചി ഒരു പ്രധാന ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി മാറുന്നതിന്റെ തെളിവാണ് ഈ നേട്ടം. മിഡിൽ ഈസ്റ്റ്, ഫാർ ഈസ്റ്റ്, യൂറോപ്പ്, മെഡിറ്ററേനിയൻ എന്നിവ ലക്ഷ്യമാക്കി നീങ്ങുന്ന 50 ശതമാനം ചരക്കുകളും മെയിൻ ലൈൻ കപ്പലുകളുടെ സേവനങ്ങളിലൂടെ കൊച്ചി നേരിട്ട് ബന്ധിപ്പിക്കുന്നു. ഇന്ത്യയുടെ കിഴക്കു പടിഞ്ഞാറ തീരങ്ങൾക്ക് ഇടയിലുള്ള തീരദേശ ചരക്കുനീക്കത്തിന്റെ ഒരു പ്രധാന കേന്ദ്രമായി കൊച്ചിൻ ടെർമിനൽ പ്രവർത്തിക്കുന്നു.

ഒരേ സമയം 25 കണ്ടെയ്നർ നിരകൾ വരെ കപ്പലിൽ നിന്നെടുത്ത് കരയിൽ വെയ്ക്കാൻ ശേഷിയുള്ള രണ്ട് കൂറ്റൻ അത്യാധുനിക മെഗാ മാക്സ് ക്രെയിനുകൾ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിൽ ഡിപി വേൾഡ് പുതുതായി സ്ഥാപിച്ചിരുന്നു. ഇതിന് പുറമെ നാല് ഇആർടിജിഎസ് സംവിധാനങ്ങൾ ഒരുക്കിയതും പ്രവർത്തനസ്ഥലത്തിന്റെ ശേഷി കൂട്ടിയതും നടപടിക്രമങ്ങൾ എളുപ്പത്തിലാക്കി. കാത്തിരിപ്പുസമയം പരമാവധി കുറച്ച്, പ്രകൃതിസൗഹാർദ്ദപരമായി ചരക്കുകൾ ദ്രുതഗതിയിൽ നീക്കാനുള്ള ശേഷി ആർജ്ജിച്ചു. സാധാരണ കണ്ടെയ്നറുകളെക്കാൾ വലിപ്പമുള്ള അൾട്രാ ലാർജ് കണ്ടെയ്നർ ഷിപ്പുകളും വഹിക്കാൻ ഇന്ന് കൊച്ചി തുറമുഖത്തിന് ശേഷിയുണ്ട്.

ടെർമിനലിന്റെ ശേഷി കൂട്ടിയ ശേഷം വളരെ ചുരുങ്ങിയ നാളുകൾക്കുള്ളിലാണ് ഈ റെക്കോർഡ് നേട്ടം കൈവരിച്ചതെന്ന് ഡിപി വേൾഡ് കൊച്ചിൻ സിഇഒ പ്രവീൺ ജോസഫ് പറഞ്ഞു.

ഉപഭോക്താക്കൾ ഡിപി വേൾഡിന് നൽകുന്ന വിശ്വാസ്യതയുടെ തെളിവാണിത്. കൊച്ചിൻ പോർട്ട് അതോറിറ്റി നൽകുന്ന ശക്തമായ പിന്തുണയും പകരംവെക്കാനില്ലാത്തതാണ്. ഈ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് ചലിക്കാൻ ഡിപി വേൾഡ് പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

2011 ൽ പ്രവർത്തനം ആരംഭിച്ചത് മുതൽ കൊച്ചിയിലെ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ 6.9 ദശലക്ഷം ടിഇയു കൈകാര്യം ചെയ്തു. ഇന്ത്യയുടെ രണ്ട് തീരങ്ങളിലായുള്ള 12 തുറമുഖങ്ങളിലും സമഗ്രമായ സർവീസ് ലൈനുകൾ പ്രവർത്തിപ്പിച്ച്, ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രമുഖ ടെർമിനലായി മാറാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇതിനുപുറമെ ധാരാളം അന്താരാഷ്ട്ര തുറമുഖങ്ങളിലേക്കും കൊച്ചിയിൽ നിന്നും സർവീസ് നടത്തുന്നുണ്ട്.



# അഹമ്മദാബാദിനെ വീഴ്ത്തി ബെംഗളൂരു

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 സൂപ്പർ 5ലെ അഞ്ച് സെറ്റ് നീണ്ട ആവേശകരമായ മത്സരത്തിൽ ബെംഗളൂരു ടോർപ്പിഡോസിന് ജയം. ചൊവ്വാഴ്ച ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ രണ്ടു സെറ്റുകൾക്ക് പിന്നിട്ട നിന്ന ശേഷം നിലവിലെ ചാമ്പ്യൻമാരായ അഹമ്മദാബാദ് ഡിഫൻഡേഴ്സിനെ തോൽപ്പിക്കുകയായിരുന്നു.

സ്കോർ: 1416, 715, 1614, 159, 1513. ജിഷ്ണു ആണ് കളിയിലെ താരം. സീസണിലെ ത്രില്ലർ പോരാട്ടങ്ങളിലൊന്നിനാണ് ചെന്നൈ സാക്ഷ്യം വഹിച്ചത്. സൂപ്പർ ഫൈവിലെ അദ്യ മത്സരത്തിൽ ടോർപ്പിഡോസ് തോറ്റിരുന്നു.

ഇന്ന് സൂപ്പർ 5ലെ നാലാം മത്സരത്തിൽ കാലിക്കറ്റ് ഹീറോസ് ഡൽഹി തൂഫാൻസിനെ നേരിടും. ഇരുടീമുകളും ആദ്യമത്സരങ്ങൾ ജയിച്ചിരുന്നു. നാലുപോയിന്റുമായി ഹീറോസാണ് സൂപ്പർ 5 പട്ടികയിൽ ഒന്നാമത്. രണ്ടാമതുള്ള ഡൽഹിക്ക് മൂന്ന് പോയിന്റുണ്ട്. ലീഗ് ഘട്ടത്തിൽ യഥാക്രമം ആദ്യ സ്ഥാനങ്ങളിൽ ഫിനിഷ് ചെയ്തതിന് കാലിക്കറ്റിന് രണ്ട് പോയിന്റും, ഡൽഹിക്ക് ഒരു പോയിന്റും ബോണസായി ലഭിച്ചിരുന്നു.



# പി.ആർ.എസ്. പണം വൈകിയാൽ ബാങ്കുകൾക്ക് എതിരെ കർശന നടപടി മന്ത്രി പി. പ്രസാദ്

**ആലപ്പുഴ:** കർഷകർക്ക് പി.ആർ.സ്. സംവിധാനം വഴി നിശ്ചിത സമയത്തിനുള്ള പണം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ബാങ്കുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ്. ഈ വിഷയത്തിൽ കഴിഞ്ഞ തവണ ബാങ്കുകൾ സ്വീകരിച്ച അങ്ങേയറ്റം നിഷേധാത്മകമായ സമീപനം ഇനി അനുവദിക്കുകയില്ല. കർശന നടപടിയുമായി സർക്കാർ മുന്നോട്ടുപോകുമെന്ന് റാണി കായൽ നെൽകൃഷി വിളവെടുപ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു.

കർഷകരെ സഹായിക്കാത്ത ബാങ്കുകളുമായി സർക്കാർ സഹകരിക്കില്ല. പി.ആർ.എസ് വഴി നെല്ലിന്റെ വില ഏറ്റവും പെട്ടന്ന് കിട്ടാനുള്ള നടപടി സർക്കാർ എടുത്തിട്ടുണ്ട്. പണം ലഭ്യമാക്കുന്നതിൽ ബാങ്കുകളുടെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടാകരുതെന്നും മന്ത്രി പറഞ്ഞു. ബാങ്കുകൾ എടുത്ത സമീപനങ്ങൾ കുട്ടനാട്ടിൽ ചില പ്രതിസന്ധികൾക്ക് കാരണമായി. കർഷകർക്ക് നിലവിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ വില ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. കർഷകരെ സഹായിക്കാൻ കഴിയുന്ന എല്ല സാധ്യതകളും പ്രയോജനപ്പെടുത്തും.

നെല്ലു സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ സർക്കാർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ റിപ്പോർട്ട് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

ഉത്പാദനത്തിൽ റാണി കായൽ കുട്ടനാട്ടിൽ മുൻപന്തിയിലാണ്. ഗുണമേന്മയുള്ള ഭക്ഷണം നൽകുന്ന കുട്ടനാടൻ മണ്ണ് എല്ലാകാലത്തും സംരക്ഷിക്കണമെന്നും മന്ത്രി പറഞ്ഞു.

തോമസ് കെ. തോമസ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.സി പ്രസാദ്, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷനായ കെ.എ പ്രമോദ്, പഞ്ചായത്ത് അംഗം എ.ഡി. ആന്റണി, പ്രിൻസിപ്പൽ കൃഷി ഓഫീസർ എസ്. അനിൽ കുമാർ, റാണി കായൽ പ്രസിഡന്റ് വി.പി. ചിദംബരൻ, ചിത്തിര കായൽ പ്രസിഡന്റ് ജോസഫ് ചാക്കോ, പാടശേഖര സമിതി സെക്രട്ടറി എ.ഡി. കുഞ്ഞച്ചൻ മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സുരാജ് വെഞ്ഞാറമൂട് തമിഴിൽ ; ചിയാൻ 62




സുരാജ് വെഞ്ഞാറമൂട് ചിയാൻ 62 എന്ന ചിത്രത്തിലൂടെ തമിഴ് സിനിമയിൽ അരങ്ങേറ്റം കുറിക്കുന്നു. ചിയാൻ 62'ലെ പ്രധാന കഥാപാത്രങ്ങളിലൊരാളായി സുരാജ് വെഞ്ഞാറമൂട് തമിഴ് സിനിമാ ലോകത്തേക്ക് ചുവടുവയ്ക്കുന്നു.

ചിയാൻ വിക്രം, എസ്ജെ സൂര്യ തുടങ്ങിയ മുൻനിര താരങ്ങൾ അണിനിരന്ന വാർത്തകളോടെ ചിയാൻ 62 അപ്ഡേറ്റുകൾ ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. എസ് യു അരുൺകുമാറിന്റെ സംവിധാനത്തിൽ ഒരുങ്ങുന്ന ചിത്രത്തിൽ അഭിനയ പ്രകടനങ്ങൾ കൊണ്ട് വിസ്മയിപ്പിച്ച മലയാളി താരം സുരാജ് വെഞ്ഞാറമൂട് കൂടി എത്തുമ്പോൾ ഇത് ചിത്രത്തെ ചുറ്റിപ്പറ്റിയുള്ള ആവേശം വർദ്ധിപ്പിച്ചു. ആൻഡ്രോയിഡ് കുഞ്ഞപ്പൻ, ഡ്രൈവിംഗ് ലൈസൻസ്, ജനഗണമന ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ തുടങ്ങി പ്രശംസ നേടിയ സിനിമകളിലെ സുരാജിന്റെ അസാധാരണമായ അഭിനയം സമൂഹത്തിന്റെ നാനാതുറകളിൽ നിന്നും ആരാധകരുടെ പ്രശംസ നേടിയെടുത്തു എന്നത് ശ്രദ്ധേയമാണ്.

എച്ച്ആർ പിക്ചേഴ്സിന്റെ ബാനറിൽ റിയ ഷിബു നിർമ്മിക്കുന്ന 'ചിയാൻ 62' വിന്റെ പ്രീ പ്രൊഡക്ഷൻ ജോലികൾ ഇപ്പോൾ പുരോഗമിക്കുകയാണ്.2024 ഏപ്രിലിൽ ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിക്കുമെന്നും ചിത്രത്തിന്റെ നിർമ്മാതാക്കൾ സ്ഥിരീകരിച്ചു.പി ആർ ഓ പ്രതീഷ് ശേഖർ.




# കുത്തൂട് മാർച്ച് 22ന്

സന്തോഷ് കീഴാറ്റൂർ, പുതുമുഖ നടൻ വിനോദ് മുള്ളേരി,സിജി പ്രദീപ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിനവാഗതനായ മനോജ്. കെ. സേതു സംവിധാനം ചെയ്യുന്ന'കുത്തൂട് ' മാർച്ച് ഇരുപത്തിരണ്ടിന് പ്രദർശനത്തിനെത്തുന്നു.തെയ്യം കലാകാരന്റെ ആത്മസംഘർഷങ്ങളുടെ കഥ പറയുന്ന ഈ ചിത്രത്തിൽ അഭിജിത്,ഉത്തമൻ, രവി പെരിയാട്ട്,തമ്പാൻ കൊടക്കാട്,ദേവനന്ദ, നിരോഷ് എന്നിവരും അഭിനയിക്കുന്നു.ഫോർ ഫ്രണ്ട്സ് പ്രൊഡക്ഷൻ ഹൗസിന്റെ ബാനറിൽ, കെ.ടി. നായർ,വേണു പാലക്കാൽ, കൃഷ്ണകുമാർ കക്കോട്ടമ, വിനോദ് കുമാർ കരിച്ചേരി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണവും എഡിറ്റിംഗും സംവിധായകൻ മനോജ് കെ സേതു തന്നെ നിർവ്വഹിക്കുന്നു.പ്രദീപ് മണ്ടൂർ തിരക്കഥ, സംഭാഷണമെഴുതുന്നു.മണ്ണിനെയും മനുഷ്യനെയും സ്നേഹിച്ച് ,തെയ്യം കലയെ ഉപാസിച്ച് കഴിയുന്ന കാഞ്ഞനെന്ന തെയ്യം കലാകാരന്റെജീവിതത്തോടൊപ്പം അന്യം നിന്നു പോകുന്ന മണ്ണിന്റെയും പ്രകൃതിയുടെയും കഥ പറയുന്ന ചിത്രമാണ് കുത്തൂട് .ഡോക്ടർ ജിനേഷ്, കുമാർ എരമം, പ്രദീപ് മണ്ടൂർ എന്നിവരുടെ വരികൾക്ക് ജയചന്ദ്രൻ കാവുംതാഴ സംഗീതം പകരുന്നു.സിതാര കൃഷ്ണകുമാർ, അലോഷി ആദം എന്നിവരാണ് ഗായകർ.കലസുനീഷ് വടക്കുമ്പാടൻ,ചമയം വിനീഷ് ചെറു കാനം, പശ്ചാത്തല സംഗീതം അനൂപ് വൈറ്റ് ലാന്റ്, പ്രൊഡക്ഷൻ കൺട്രോളർഏ.വി. പുരുഷോത്തമൻ, പ്രൊഡക്ഷൻ മാനേജർ അർജുൻ,പി ആർ ഒ എ എസ് ദിനേശ്.

# ചിത്തിനി

അമിത്ത് ചക്കാലക്കൽ, വിനയ് ഫോർട്ട്, മോക്ഷ , പുതുമുഖങ്ങളായ ആരതി നായർ, എനാക്ഷി എന്നിവരെ മുഖ്യ കഥാപാത്രങ്ങളാക്കി ഈസ്റ്റ് കോസ്റ്റ് വിജയൻ സംവിധാനം ചെയ്യുന്ന 'ചിത്തിനി' എന്ന സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.ബിഗ് ബഡ്ജറ്റിൽ, ഹൊറർ ഫാമിലി ഇമോഷണൽ ത്രില്ലർ വിഭാഗത്തിലൊരുങ്ങുന്ന ' ചിത്തിനി ഈസ്റ്റ് കോസ്റ്റ് കമ്മ്യൂണിക്കേഷൻസാണ് നിർമ്മിക്കുന്നത്. ഈസ്റ്റ് കോസ്റ്റ് നിർമ്മിക്കുന്ന ഏഴാമത്തെ ചിത്രമാണ് 'ചിത്തിനി'. മലമ്പുഴ, കവ, ധോണി ഫോറസ്റ്റ്, പുതുശ്ശേരി, ചിങ്ങഞ്ചിറ,കൊടുമ്പ്, വാളയാർ,ചിറ്റൂർ, തത്തമംഗലം,കൊല്ലങ്കോട്, കലാമണ്ഡലം തുടങ്ങി പാലക്കാടും പരിസര പ്രദേശങ്ങളിലുമായി നിരവധി ലൊക്കേഷനുകളിലായി ചിത്രീകരണംപൂർത്തിയാക്കിയ ഈ ചിത്രത്തിന്റെ പോസ്റ്റ് പ്രോഡക്ഷൻ ജോലികൾ ആരംഭിച്ചു'കള്ളനും ഭഗവതിയും' എന്ന ചിത്രത്തിനു ശേഷം കെ വി അനിലിന്റെ കഥയ്ക്ക് ഈസ്റ്റ് കോസ്റ്റ് വിജയനും, കെ വി അനിലും ചേർന്നാണ് തിരക്കഥയും സംഭാഷണവും ഒരുക്കിട്ടുള്ളത്.ഈസ്റ്റ് കോസ്റ്റ് വിജയൻ, സന്തോഷ് വർമ്മ, സുരേഷ് എന്നിവരുടെ വരികൾക്ക് യുവ സംഗീത സംവിധായകരിൽ ശ്രദ്ധേയനായ രഞ്ജിൻ രാജ് സംഗീത സംവിധാനം നിർവ്വഹിക്കുന്നു.നാല് ഗാനങ്ങളാണ് ചിത്രത്തിലുള്ളത്.സത്യ പ്രകാശ്, ഹരി ശങ്കർ, കപിൽ കപിലൻ, സന മൊയ്തുട്ടി എന്നിവരാണ് ഗായകർ. ഈ ചിത്രത്തിലെ ഒരു




ഫോക്ക് സോംഗിനായി വയനാട്ടിലെ നാടൻ പാട്ട് കലാകാരന്മാരും ഭാഗമായിട്ടുണ്ട്.ജോണി ആന്റണി, ജോയ് മാത്യൂ,സുധീഷ്, ശ്രീകാന്ത് മുരളി, ജയകൃഷ്ണൻ, മണികണ്ഠൻ ആചാരി, സുജിത്ത് ശങ്കർ,പ്രമോദ് വെളിയനാട്,രാജേഷ് ശർമ്മ,ഉണ്ണിരാജ, അനൂപ് ശിവസേവൻ, കൂട്ടിക്കൽ ജയചന്ദ്രൻ, ജിബിൻ ഗോപിനാഥ്, ജിതിൻ ബാബു,ശിവ ദാമോദർ,വികാസ്, പൗളി വത്സൻ,അമ്പിളി അംബാലി എന്നിവരാണ് മറ്റു പ്രധാന താരങ്ങൾ.ഛായാഗ്രഹണം രതീഷ് റാം,എഡിറ്റിംഗ് ജോൺ കുട്ടി,മേക്കപ്പ്രഞ്ജിത്ത് അമ്പാടി, വസ്ത്രാലങ്കാരംധന്യ ബാലകൃഷ്ണൻ, കലാസംവിധാനം സുജിത്ത് രാഘവ്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ രാജശേഖരൻ.കോറിയോഗ്രാഫികല മാസ്റ്റർ,സംഘട്ടനം രാജശേഖരൻ, ജി മാസ്റ്റർ,വിഎഫ് എക്സ്നിധിൻ റാം സുധാകർ, സൗണ്ട് ഡിസൈൻസച്ചിൻ സുധാകരൻ, സൗണ്ട് മിക്സിംഗ്വിപിൻ നായർ,പ്രൊഡക്ഷൻ കൺട്രോളർരാജേഷ് തിലകം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ഷിബു പന്തലക്കോട്,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർസുഭാഷ് ഇളമ്പൽ, അസ്സോസിയേറ്റ് ഡയറക്ടേഴ്സ്അനൂപ് ശിവസേവൻ,അസിം കോട്ടൂർ,സജു പൊറ്റയിൽ കട, അനൂപ്,പോസ്റ്റർ ഡിസൈനർ കോളിൻസ് ലിയോഫിൽ, കാലിഗ്രാഫികെ പി മുരളീധരൻ, സ്റ്റിൽസ് അജി മസ്കറ്റ്, പി ആർ ഓഎ എസ് ദിനേശ്.

# ഗാർഡിയൻ ഏഞ്ചൽ




ഭദ്ര ഗായത്രി പ്രൊഡക്ഷൻസിന്റെ ബാനറിൽ സർജന്റ് സാജു എസ് ദാസ് രചിച്ച്, സംവിധാനം ചെയ്യുന്ന ഗാർഡിയൻ ഏയ്ഞ്ചൽ എന്ന സിനിമയുടെ ഒഫീഷ്യൽ ടീസർ റീലിസായി.സർജന്റ് സാജു എസ് ദാസ് നായകനായി എത്തുന്ന ഈ ചിത്രത്തിൽ രാഹുൽ മാധവ്, മേജർ രവി, നഞ്ചിയമ്മ, ലക്ഷ്പ്രിയ, ഗിന്നസ് പക്രു, ഷാജു ശ്രീധർ, ശോബിക ബാബു, ലത ദാസ്, ദേവദത്തൻ,,ജോൺ അലക്സാണ്ടർ,ലക്ഷ്മി പ്രിയ,തുഷാര പിള്ള,മായ സുരേഷ് തുടങ്ങിയവരോടൊപ്പം അമ്പതോളം പുതുമുഖങ്ങളും അഭിനയിക്കുന്നു.ഛായാഗ്രഹണംവേലു.ജ്യോതിഷ് കാശി, ശ്രീജിത്ത് രാജേന്ദ്രൻ, സ്വപ്ന റാണി, ഷീന മഞ്ചൻ എന്നിവരുടെ വരികൾക്ക് രാം സുന്ദർ,ചന്ദ്രദാസ് എന്നിവർ സംഗീതം പകരുന്നു.എഡിറ്റർ അനൂപ് എസ് രാജ്,പ്രൊഡക്ഷൻ കൺട്രോളർസതീഷ് നമ്പ്യാർ,ആർട്ട് അർജുൻ രാവണ, വസ്ത്രാലങ്കാരംസുരേഷ് ഫിറ്റ്വെൽ,മേക്കപ്പ് വിനീഷ് മഠത്തിൽ, സിനുലാൽ സ്റ്റിൽസ്ശാന്തൻ, അഫ്സൽ റഹ്മാൻ,

പബ്ലിസിറ്റി ഡിസൈനർഅജയ് പോൾസൺ,പ്രോജക്ട് ഡിസൈൻ എൻ എസ് രതീഷ്, അസോസിയേറ്റ് ഡയറക്ടർസലീഷ് ദേവ പണിക്കർ, കൊറിയോഗ്രഫിമനോജ് ഉശറമര ,ഡിഐ കളറിസ്റ്റ്മുത്തുരാജ്,ആക്ഷൻ അഷ്റഫ് ഗുരുക്കൾ,ലോക്കേഷൻ മാനേജർബാബു ആലിങ്കാട്,പി ആർ ഒഎ എസ് ദിനേശ്.




# കോഴിക്കോട് മൂന്നു സ്ക്രീൻ മൾട്ടിപ്ലെക്സുമായി മിറാജ് സിനിമാസ്

**കോഴിക്കോട്:** ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്നതും മൂന്നാമത്തെ വലിയ ദേശീയ മൾട്ടിപ്ലെക്സ് ശൃംഖലയുമായ മിറാജ് സിനിമാസ്, ഏറ്റവും പുതിയ സിനിമാറ്റിക് മാസ്റ്റർപീസ് കേരളത്തിലെ സാംസ്കാരിക സമ്പന്നമായ കോഴിക്കോട് നഗരത്തിൽ ഉദ്ഘാടനം ചെയ്തു. മാവൂർ റോഡിലെ മൊഫ്യൂസിൽ ബസ് സ്റ്റാൻഡിന് എതിർവശത്തായി പുതുതായി വികസിപ്പിച്ച ബ്ലൂ ഡയമണ്ട് മാളിലെ മൂന്നാം നിലയിലാണ് മൾട്ടിപ്ലക്സ് സ്ഥിതി ചെയ്യുന്നത്. സ്ക്രീൻ 1ൽ 131, സ്ക്രീൻ 2ൽ 12 റീക്ലിനറുകൾ ഉൾപ്പെടെ 166, സ്ക്രീൻ 3ൽ 192 സീറ്റുകൾ ഉൾപ്പെടെ പരമ്പരാഗത സീറ്റുകൾ മുതൽ ആഡംബര റിക്ലൈനർ വരെയുള്ള 489 സീറ്റിംഗ് കപ്പാസിറ്റിയാണ് മൂന്നു സ്ക്രീനുകളിലുമായി മിറാജ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ട്രിപ്പിൾ ബീം 3 ഡി ടെക്നോളജി, ഡോൾബി 7.1 സൗണ്ട് സിസ്റ്റം, 2കെ പ്രൊജക്ഷൻ എന്നിവയുൾപ്പെടെയുള്ള അത്യാധുനിക സാങ്കേതികവിദ്യ ഓരോ ഓഡിറ്റോറിയത്തിലും ലഭ്യമാണ്.

കേരളത്തിൽ അരങ്ങേറ്റം കുറിക്കുന്ന മിറാജ് സിനിമാസിനെ കോഴിക്കോട്ടു പരിചയപ്പെടുത്തുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഈ മേഖലയിലെ ഞങ്ങളുടെ മൂല്യവത്തായ ആരാധകർക്ക് മികച്ച വിനോദം നൽകുന്നതിനുള്ള ഞങ്ങളുടെ അചഞ്ചലമായ പ്രതിബദ്ധതയെ അടിവരയിടുന്ന, സംസ്ഥാനത്തെ ഞങ്ങളുടെ ആദ്യത്തെ പ്രോപ്പർട്ടിയുടെ ഉദ്ഘാടനം ഞങ്ങൾക്ക് ഒരു സുപ്രധാന നാഴികക്കല്ലാണ്. നിലവിൽ 50ലധികം സ്ക്രീനുകൾ ഫിറ്റ്ഔട്ട് സ്റ്റേജിൽ ഉള്ളതിനാൽ, ഡൽഹി എൻസിആർ, ചെന്നൈ, പട്യാല, ലുധിയാന, ഇൻഡോർ, അൽവാർ, ആഗ്ര, ജംഷഡ്പൂർ എന്നിവിടങ്ങളിൽ പുതിയ സിനിമാശാലകളുടെ മഹത്തായ അനാച്ഛാദനം ഞങ്ങൾ ആകാംക്ഷയോടെ പ്രതീക്ഷിക്കുന്നു. ഇന്ത്യയിലുടനീളം കമ്പനിയുടെ സാന്നിധ്യം വിപുലീകരിക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത ഈ ലോഞ്ച് അടിവരയിടുന്നു, ദക്ഷിണ മേഖലയിൽ ഉടൻ തന്നെ കൂടുതൽ പ്രോപ്പർട്ടികൾ അവതരിപ്പിക്കാനുള്ള പദ്ധതിയുണ്ട്.' ഈ അവസരത്തിൽ മിറാജ് എന്റർടൈൻമെന്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അമിത് ശർമ്മ പറഞ്ഞു.

സിനിമ കാണാനുള്ള അനുഭവം ഉയർത്താൻ മിറാജ് സിനിമാസ് കോഴിക്കോട് നൂതന ആശയങ്ങൾ അവതരിപ്പിക്കുന്നു. ദി ബീനറി കഫേയും ഷെഫ് കോർണറും, പോപ്പ് കോർണർ, പ്ലഷ് റീക്ലിനറുകൾ എന്നിവയ്ക്കൊപ്പം, ഓരോ സന്ദർശനവും അവിസ്മരണീയമായ അനുഭവം വാഗ്ദാനം ചെയ്യുന്നു. ബീനറി കഫേയിൽ, ഞങ്ങളുടെ പ്രേക്ഷകർ ഞങ്ങളുടെ കയ്യൊപ്പുള്ള ഭക്ഷണ പാനീയ ഓഫറുകൾ ആസ്വദിക്കുന്നു, അതേസമയം ഷെഫ് കോർണർ പുതിയതും ഉയർന്ന നിലവാരമുള്ളതുമായ ചേരുവകൾ ഉപയോഗിച്ച് ഓർഡർടുഓർഡർ വിഭവങ്ങൾ ജൈന വിഭവങ്ങൾക്കൊപ്പം പ്രാദേശിക സ്പെഷ്യാലിറ്റികൾ, അന്താരാഷ്ട്ര രുചികൾ, ഗ്ലൂറ്റൻ രഹിത ഓപ്ഷനുകൾ എന്നിവയോടൊപ്പം എല്ലാ രുചികളും നൽകുന്നു. ഞങ്ങളുടെ ഏറ്റവും പുതിയ ഓഫറായ കോഴിക്കോട്ടെ മിറാജ് സിനിമാസ് ബ്ലൂ ഡയമണ്ട് മാൾ, സിനിമാ പ്രേമികൾക്ക് സമാനതകളില്ലാത്ത വിനോദത്തിലും ആഡംബരത്തിലും മുഴുകാൻ കഴിയുന്ന സിനിമാറ്റിക് മികവിന്റെ പ്രകാശഗോപുരമാകുമെന്ന് വാഗ്ദാനം ചെയ്യുന്നു.' മിറാജ് സിനിമാസിന്റെ സിഇഒ ഭുവനേഷ് മെൻദിരട്ട പറഞ്ഞു.

## പെപ്സിയും യാഷും ഒരുമിക്കുന്ന കാമ്പെയ്ൻ പുറത്തിറങ്ങി

**കൊച്ചി:** നൂറ്റാണ്ടിലേറെ പഴക്കമുള്ള പോപ്പ് സംസ്കാര പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പെപ്സി പുതിയ ആഗോള ബ്രാൻഡിംഗ് അവതരിപ്പിച്ചു. അതിന്റെ ഭാഗമായി, പെപ്സിയും സൂപ്പർസ്റ്റാർ യാഷും ഒരുമിക്കുന്ന 'യേ ദിൽ മാംഗേ മോർ' ക്ലാസിക് കാമ്പെയ്നും ഇന്ത്യയിൽ തുടക്കം കുറിച്ചു. യുവാക്കളെ കൂടുതൽ കാര്യങ്ങൾക്കായി എപ്പോഴും പരിശ്രമിക്കാനും സാമൂഹിക മാനദണ്ഡങ്ങളിൽ നിന്ന് മോചനം നേടി അവരുടെ തനിമ പൂർണ്ണഹൃദയത്തോടെ ഉൾക്കൊള്ളാനും പ്രേരിപ്പിക്കുന്നതാണ് കാമ്പെയ്ൻ. ജീവിതത്തിലെ വെല്ലുവിളികൾക്കിടയിലും, മടികൂടാതെ അവരുടെ സ്വപ്നങ്ങൾ പിന്തുടരാൻ പരസ്യം യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നു.




യുവാക്കളുമായുള്ള അഗാധമായ ബന്ധത്തിന്റെ ആഘോഷമാണ് 'യേ ദിൽ മാംഗേ മോർ' കാമ്പെയ്ന്റെ സമാരംഭം എന്നും സൂപ്പർസ്റ്റാർ യാഷ് അതിനു നേതൃത്വം നൽകുന്നതിൽ സന്തോഷമുണ്ടെന്നും പെപ്സികോ ഇന്ത്യയിലെ പെപ്സി കോള വിഭാഗം മേധാവി ഷൈൽജ ജോഷി പറഞ്ഞു. തന്റെ ഹൃദയത്തോട് ചേർന്ന അനുഭവങ്ങൾ ഉൾക്കൊള്ളുന്നതാണ് യേ ദിൽ മാംഗേ മോർ കാമ്പെയ്ൻ എന്ന് യാഷ് പറഞ്ഞു. പുതിയ ബ്രാൻഡ് ഐഡന്റിറ്റിയിലുള്ള പെപ്സി ഇപ്പോൾ ലഭ്യമാണ്.

## യു എസ് ട്രഷറി നിക്ഷേപ പദ്ധതിയുമായി ഡിഎസ്പി മുച്ചൽ ഫണ്ട്

DSP MUTUAL FUND

**കൊച്ചി:** ഡിഎസ്പി മുച്ചൽ ഫണ്ട് യുഎസ് ട്രഷറി ബോണ്ടുകളിലും ഇടിഎഫുകളിലും നിക്ഷേപിക്കാൻ അവസരമൊരുക്കുന്ന പുതിയ യുഎസ് ട്രഷറി ഫണ്ട് ഓഫ് ഫണ്ട് അവതരിപ്പിച്ചു. ഈ ഫണ്ടിന്റെ 95 ശതമാനവും ധന വിപണിയിലും, ഫ്ളോട്ടിങ് നിരക്കുകളിലും, ഹ്രസ്വഇടക്കാലദീർഘകാല കാലാവധികളിലുമായാണ് നിക്ഷേപിക്കുക. ഫെഡ് നിരക്കുകളുമായി ബന്ധപ്പെട്ട നയങ്ങളുടെ അനുകൂല്യങ്ങളും നിക്ഷേപകർക്ക് ലഭിക്കും. മാർച്ച് 13 വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാനുള്ള അവസരമുണ്ട്.

## താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ജൂനിയർ റസിഡൻറ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു.

യോഗ്യത എം ബി ബി എസ്, വേതനം 45,000. ആറുമാസ ദിവസ കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ളവർക്ക് വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ. പകർപ്പ് എന്നിവ സഹിതം 18(ശനി) ന് മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ രാവിലെ 10.30ന് നടക്കുന്ന വാക്ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം.

അന്നേ ദിവസം രാവിലെ 10.00 മുതൽ വൈകിട്ട് 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842754000.

